26

# കൂട്ടക്കൊലയാളി സ്ഥാനമേറ്റു!

## (9:10-19; 22:10, 12-16; 26:19)

കുറച്ച് വർഷങ്ങൾക്കു മുൻപ്, ജെഫ്രേ ഡാമെറിന്റെ ക്രൂരമായ കൊലക്കുറ്റം വർത്തമാന പത്രികയുടെ തലക്കെട്ടുകളിൽ സ്ഥാനം പിടിച്ചിരുന്നു. അടുത്ത കാലത്തു അയാൾ സ്നാനമേറ്റപ്പോഴും മാദ്ധ്യമങ്ങളുടെ ശ്രദ്ധയാകർഷിച്ചിരുന്നു.[1]

വെർജീനിയയിലെ മൂർലിയട്ണിലെ ക്രിസ്തുവിലായ ഒരു സഹോദരി മേരി മോട്ട് ഡേമറും, അദ്ദേഹത്തിന്റെ പിതാവുമായി ഒരു അഭിമുഖസംഭാഷണം നടത്തി. "ഈ രണ്ടുപേരുടേയും ജീവിതം ശൂന്യമായിരുന്നു എന്ന് അവൾ വിചാരിച്ചു, അവർ എന്തിനോ വേണ്ടി തിരഞ്ഞുകൊണ്ടിരുന്നു, അതെന്താണെന്ന് അവർക്കറിഞ്ഞുകൂടായിരുന്നു."[2] അവൾ ഒരുക്കുകയും, വേൾഡ് ബൈബിൾ സ്കൂളുകൾ തപാൽ പഠന കോഴ്സും, അവർക്ക് അയച്ചു കൊടുത്തു. അതേ സമയത്തു തന്നെ ഓക്ലഹേമിലെ ക്രെസെന്ററിൽ ഉള്ള ക്രിസ്തുവിലുള്ള ഒരു സഹോദരൻ ഒരു കോഴ്സ് ഡാമറിനു അയച്ചിരുന്നു. രണ്ടു കോഴ്സും ഡാമർ പൂരിപ്പിച്ച് രണ്ടുപേർക്കും സ്നാനപ്പെടുത്തുവാൻ ആഗ്രഹിച്ചുകൊണ്ടുള്ള കത്തും അയച്ചു.

വിസ്കോൻസിലെ മാഡിസജിൽ ഉള്ള, കർത്താവിന്റെ സഭയിലെ ഉപദേഷ്ടാവായിരുന്ന റോയ് റാറ്റ് ക്ലിഫ് ബന്ധപ്പെട്ടു ബൈബിൾ പഠനം തുടർന്നു. റാറ്റ് ക്ലിഫ് അടുത്ത സമയത്ത് എഴുതി,

> ഏതാണ്ട് എല്ലാവരും ജെഫിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്തിട്ടുണ്ട്. ഈ ചോദ്യം ചെയ്യുന്നവർ ആരും അവിടെയുണ്ടായിരുന്നില്ല ... ഞാൻ അവിടെയുണ്ടായിരുന്നു, അയാൾ തന്റെ തീരുമാനത്തിൽ ആത്മാർത്ഥതയുണ്ടെന്ന് എനിക്ക് ബോധ്യമായി ... താൻ തെടവിൽ വച്ചു മരിക്കും എന്നയാൾക്കു തോന്നി. സ്നാനപ്പെടുന്നതുകൊണ്ട് ഈ ലോകത്തിൽ ജെഫിനു ഒന്നും നേടുവാനില്ലായിരുന്നു. എന്നാൽ വരുവാനുള്ള ജീവിതത്തിൽ എല്ലാം നേടുവാനുണ്ടായിരുന്നുതാനും.[3]

താങ്ക്സ്ഗിവിങ്ങ് ദിവസത്തിനു തലേന്നു റാറ്റ് ക്ലിഫ് ഡാമറുമായി പഠനം നടത്തിയിരുന്നു; അഞ്ചുദിവസം കഴിഞ്ഞ്, 1994, നവംബർ 28-ാം തിയതി, തടവുമുറിയിലെ മറ്റൊരു കുറ്റവാളി ഡാമറിനെ അടിച്ചു കൊന്നു.

ഡാമർ വാസ്തവത്തിൽ രക്ഷിക്കപ്പെട്ടെന്ന് അവൾ വിചാരിക്കുന്നുവോ. എന്നു മേരി മോട്ടിനോടുള്ള ആളുകൾ ചോദിച്ചിട്ടുണ്ട്. "താൻ മാറിയെന്നു ക്രിസ്ത്യാനികളെ ബോദ്ധ്യപ്പെടുത്താൻ പൗലോസിനു വിഷമം നേരിട്ടു എന്നു തീർച്ചയായും വിശ്വസിക്കുന്നു." അവൾ പറഞ്ഞു, "നാം അവന്റെ ആത്മാർത്ഥതയെ ഇന്നു ചോദ്യം ചെയ്യുന്നില്ല."[4]

ജെഫ്റേ ഡാമറും അപ്പോസ്തലനായ പൗലോസും – തമ്മിൽ സമാനതയുണ്ടോ? ആദ്യം, തന്നെ "ഇല്ല!" എന്നു ഉറപ്പിച്ചു പറയട്ടെ, പറഞ്ഞറിയിക്കാൻ പറ്റാത്ത പ്രവൃത്തികളാൽ കൂട്ടകൊല നടത്തിയ ഒരാളേയും ചരിത്രത്തിൽ വലിയ പ്രവൃത്തകൾ ചെയ്തു ജീവിച്ച വേറൊരാളേയും തമ്മിൽ താരതമ്യം ചെയ്യുന്നതു ദൂഷണം തന്നെയാവും. പിന്നെ പൗലോസ് തന്നെതന്നെ വിലയിരുത്തിയതു പാപികളിൽ "*ഒന്നാമൻ*" എന്നത്രേ (1 തിമൊഥെയോസ് 1:15; എംഫസിസ്മൈൻ).

ഡാമറിലും പൗലോസിലും സമാനതകൾ അസംഖ്യം ഉണ്ടായിരുന്നു: നിരപരാധികളായിരുന്ന അനേകം പേരെ കൊന്നതിന്റെ ഉത്തരവാദിത്വം രണ്ടുപേരിലും ഉണ്ടായിരുന്നു. അവരുടെ പരിവർത്തനങ്ങൾ അപ്രതീക്ഷിതമായിരുന്നു, രണ്ടുപേരും മാറി എന്നതു ആളുകളെ ബോധ്യപ്പെടുത്താൻ വിഷമിച്ചിരുന്നു. സ്നാന ശേഷം, അവരുടെ രണ്ടുപേരുടെയും ജീവിതം ഇല്ലാതാക്കാൻ ആളുകൾ ശ്രമിച്ചിരുന്നു. ഏറ്റവും പ്രധാനപ്പെട്ടത്, എങ്ങനെയായാലും, രണ്ടു പരിവർത്തനങ്ങളും മുഖ്യമായി തെളിയിക്കുന്നതു ദൈവത്തിനു "അസാദ്ധ്യമായൊന്നുമില്ല" എന്നാണ്. ഡാമറിനും പൗലൊസിനും രക്ഷിക്കപ്പെടാമെങ്കിൽ, *ആർക്കും* രക്ഷപ്പെടാൻ കഴിയും!

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, നാം കണ്ടതു (1) അചഞ്ചലമായ കുറ്റം (ക്രിസ്ത്യാനികളെ നശിപ്പിക്കുക എന്നതായിരുന്നു ശൗലിന്റെ കുറ്റം), (2) അപ്രതീക്ഷിത നേരിടൽ (യേശു വഴിയിൽ അവനു പ്രത്യക്ഷനായി), (3) അസാധാരണമായ ഒരു വെല്ലുവിളി (യേശു സുവിശേ ഷം ജാതികളിലെത്തിക്കാൻ) നേർവീഥിയിലുള്ള ഒരു വീട്ടിലേക്ക് കൊണ്ടുപോയതു വരെയാണ് നാം പഠിച്ചത്. അവിടെ നിന്നു ആ സംഭവത്തെ നമുക്ക് എടുക്കാം.

## താല്പര്യമില്ലാത്ത ഒരു ക്രിസ്ത്യാനി
## (9:10-17; 22:10, 12-16)

കർത്താവു ശൗലിനെ അക്ഷരികമായി, ആത്മീകമായി, ബുദ്ധിപരമായി – ഇരുട്ടിൽ വിട്ടിട്ടുപോയി.[5] എന്തുകൊണ്ട്? മറ്റൊരു ദു:ഖിതനായ പാപിയേയും പ്രവൃത്തികളുടെ പുസ്തകത്തിൽ അങ്ങനെ വിട്ടതായി പറയുന്നില്ല, അതിനു കാരണം ഉണ്ടായിരുന്നിരിക്കണം.[6] ഒരു പക്ഷെ സമർപ്പണത്തിന്റെ "വില കണക്കാക്കുവാൻ" അവനെ ഏകാന്തമായി വിട്ടതാകാം (ലൂക്കൊസ് 14:28); തനിക്കു വിലപ്പെട്ട*തെല്ലാം* ഉപേക്ഷിക്കേണ്ടിവന്നിരിക്കുന്നു (ഫിലിപ്പിയർ 3:7). ശൗലിന്റെ അന്ധത കണ്ട് അവന്റെ പരിവർത്തനത്തിൽ പൂർണ്ണത കാണുവാൻ യെഹൂദൻമാർക്ക് അവസരം കൊടുത്തതാകാം.[7]

ഉപദ്രവകാരിയായ ഒരു കൊലയാളിയെ സമീപിക്കാൻ ധൈര്യമുള്ള ഒരു ഉപദേഷ്ടാവിനെ കണ്ടെത്താൻ കർത്താവിനു മൂന്നു ദിവസം വേണ്ടി വന്നു എന്നു ഞാൻ പറയാറുണ്ട്. അതെല്ലാം നേരമ്പോക്കായി പറഞ്ഞ താണ്, ഷണ്ഡനു വഴിയിൽ ഒരു ഉപദേഷ്ടാവിനെ അയക്കാമെങ്കിൽ ദമാസ്കസിന്റെ ഗെയിറ്റിൽ ഒരു ഉപദേഷ്ടാവിനെ അയക്കാൻ കഴിയും. കർത്താവ് അവസരം ഉപദേഷ്ടാവിന്റെ അടുക്കൽ എഴുതിയപ്പോൾ,[8] ശൗലിന്റെ അടുക്കൽ പോകുവാൻ താൽപര്യക്കുറവോടെ നിൽക്കുക യായിരുന്നു.

"എന്നാൽ അനന്യാസ് എന്നൊരു ശിഷ്യൻ;[9] ദമാസ്കസിൽ ഉണ്ടാ യിരുന്നു, അവനെ കർത്താവു ഒരു ദർശനത്തിൽ [യേശു[10]], 'അന ന്യാസേ' എന്നു വിളിച്ചു; കർത്താവെ, അടിയൻ 'ഇതാ എന്നു വിളി കേട്ടു'" (9:10). 5-ാം അദ്ധ്യായത്തിൽ പറഞ്ഞ ദ്രവ്യാഗ്രഹിയായ അന ന്യാസല്ല ഇവിടെ പറയുന്ന അനന്യാസ്. ഈ അനന്യാസ് "ദൈവഭക്തനും ന്യായപ്രമാണ നിലവാരത്തിൽ ജീവിക്കുന്നവനും, യെഹൂദന്മാ രുടെയെല്ലാം നല്ല സാക്ഷ്യം കൊണ്ടവനും ആയിരുന്നുന്നു" (22:12)[11] യേശു അവനു പ്രത്യക്ഷനായപ്പോൾ, ആദ്യം അവൻ ക്രിയാത്മകമായി പ്രതിക രിച്ചു: "കർത്താവെ അടിയൻ ഇതാ" (1 ശമുവേൽ 3:1-18; യെശയ്യാവ് 6:8-13). അനന്യാസ് കർത്താവിന്റെ നിർദ്ദേശങ്ങൾ എഴുതുവാൻ പേനയും പേപ്പറും തപ്പുന്നത് എനിക്ക് ഊഹിക്കാൻ കഴിയും.[12]

യേശു തുടർന്നു, "നീ എഴുന്നേറ്റു നേർവീഥി എന്ന തെരുവിൽ ചെന്ന്" (9:11).

അനന്യാസ് എഴുതി. "നേർവീഥി എന്ന തെരുവ്."

"യൂദയുടെ വീട് അന്വേഷിക്കുക" (9:11).

"യൂദയുടെ വീട്. അന്വേഷിക്കുക."

"... തർസൊസുകാരനായ ഒരു മനുഷ്യനെ ... അന്വേഷിക്ക ..." (9:11).

അപ്പോഴത്തെ പ്രതികരണം മടിയോടെയായിരിക്കും, എന്നു ഞാൻ ഊഹിക്കുന്നു: "തർസൊസിൽ അന്വേഷിക്കാമോ."

"... *ശൗൽ* ... എന്ന പേരുള്ളവനെ, അന്വേഷിക്ക, അവൻ പ്രാർത്ഥി ക്കുന്നു, അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേണ്ടതിനു, തന്റെ മേൽ കൈവക്കുന്നതു കണ്ടിരിക്കുന്നു എന്നു കല്പിച്ചു" (9:11, 12; എംഫസിസ്മൈൻ).

അനന്യാസിന്റെ പേന വീഴുന്നതു ഞാൻ കാണുന്നു. "ശൗൽ എന്നു പേരുള്ളവനെയറിയോ? കർത്താവെ എനിക്കാ മനുഷ്യനെ അറിയാം, അവനെക്കുറിച്ച് ഞാൻ പറയട്ടെ!"

> അതിന്നു അനന്യാസ്, "കർത്താവേ, ആ മനുഷ്യൻ യെരുശലേമിൽ[13] നിന്റെ വിശുദ്ധന്മാർക്കു;[14] എത്ര ദോഷം ചെയ്തു എന്നു പലരും പറഞ്ഞു ഞാൻ കേട്ടിരിക്കുന്നു. ഇവിടെയും നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരെ ഒക്കെയും പിടിച്ചു കെട്ടുവാൻ അവന്നു മഹാപുരോഹിതന്മാരുടെ അധികാരപത്രം ഉണ്ട് എന്നുത്തരം പറഞ്ഞു"[15] (9:13, 14).

കർത്താവു ഒരു കല്പന തരുമ്പോൾ, അവൻ കേൾക്കുവാൻ താല്പര്യപ്പെടുന്ന ഉത്തരം "ഇല്ല" *എന്നല്ല.* യേശു "ചെല്ലുക" എന്ന നിർദ്ദേശം, അവർ വിശദീകരണവാക്കോടെ കൊടുക്കുന്നു: ദോഷം പ്രവർത്തിക്കുന്നവനായിട്ടാണ് ശൗലിനെ അനന്യാസ് പറയുന്നത്, എന്നാൽ യേശു ഭൂതകാലമല്ല. ഭാവികാലമാണ് നോക്കുന്നത്. കുലപാതകി എന്നതിനു പകരം, യേശു കാണുന്നത് "തിരഞ്ഞെടുത്ത തന്റെ ഉപകരണമായിട്ടാണ്[16], തന്റെ നാമം ജാതികളുടെ മദ്ധ്യേ സാക്ഷ്യമായി തീരേണ്ടതിനു[17] രാജാക്കൻമാരുടെയും ഇസ്രായേൽ മക്കളുടെയും മുൻപിൽ യേശു ക്രിസ്തുവിന്റെ നാമം എടുക്കേണ്ടതായി വരുന്നു; എന്റെ നാമം നിമിത്തം എത്ര കഷ്ടം സഹിക്കേണ്ടി വരും എന്നു ഞാൻ അവനു കാണിച്ചു കൊടുക്കും" (9:15, 16).

ശൗലിന്റെ ശുശ്രൂഷയിൽ: "വേദന ഹർഷോന്മാദവും"[18] അടങ്ങുന്നുണ്ടെന്ന് യേശുവിന്റെ വാക്കുകൾ വ്യക്തമാക്കുന്നു. "ഹർഷോന്മാദം" "യേശുവിന്റെ നാമം ജാതികളുടെയും രാജാക്കൻമാരുടെയും ഇസ്രായേൽ മക്കളുടെയും മദ്ധ്യേ എടുക്കുന്നതാണ്." ഹർഷോന്മാദം പൗലോസിന്റെ പ്രത്യേക ദൗത്യം ജാതികളോടായിരുന്നു. അതുകൊണ്ട് അതു ആദ്യം പറയിക്കുന്നു. അവൻ പ്രത്യക്ഷപ്പെട്ട രാജാക്കൻമാർ ഹെരോദാവായിരുന്ന അഗ്രിപ്പനു (25:23–26) നീറോയും ആയിരുന്നു.[19]

"വേദന" വാക്കുകളിൽ തന്നെ പ്രതിഫലിച്ചിട്ടുണ്ട്. "എന്റെ നാമത്തിനു വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും."[20] യേശുവിന്റെ വാക്കുകൾ ദൃഢമായിരുന്നു: ദമാസ്കസിൽ ചെന്നു യാതന വരുത്തുവാൻ ആഗ്രഹിച്ച മനുഷ്യൻ യാതന അനുഭവിക്കേണ്ടി വരികയാണ്. സേവനത്തിനായി കർത്താവു നമ്മെ വിളിക്കുമ്പോൾ, മാറ്റമില്ലാതെ അവൻ നമ്മെ കഷ്ടതക്കു കൂടെയാണ് വിളിക്കുന്നത് (2 തിമൊഥെയൊസ് 3:12).

കർത്താവു അനന്യാസിനു കൊടുത്ത നിർദേശങ്ങൾ വിട്ടുപോകുന്നതിനു മുൻപ്, 12–ാം വാക്യത്തിലെ പല വാക്കുകൾ അടിവരയിടേണ്ടതുണ്ട്: "ഒരു പുരുഷൻ ... അകത്തു വന്നു ... താൻ *കാഴ്ച പ്രാപിക്കേണ്ടതിനു* തന്റെ മേൽ കൈ വെക്കുന്നതു അവൻ കണ്ടി രിക്കുന്നു" (എംഫസിസ്മൈൻ). എന്തുകൊണ്ട് അനന്യാസ് ശൗലിന്റെ മേൽ കൈവച്ചു *എന്നതിനെ കുറിച്ച് ചില എതിരഭിപ്രായങ്ങൾ ഉണ്ട്.* കൈവയ്പിന്റെ ഉദ്ദേശം ശൗലിന്റെ കാഴ്ച പുനസ്ഥാപിക്കേണ്ടതിനായിരുന്നുവെന്ന് വേദഭാഗം വ്യക്തമാക്കുന്നുണ്ട്.

രണ്ടാം പ്രാവിശ്യം അനന്യാസ് "ഇല്ല" എന്നു പറഞ്ഞില്ല:

> അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്ന്, അവന്റെ മേൽ കൈ വച്ചു പ്രാർത്ഥിച്ചു[21] പറഞ്ഞു, "ശൗലേ സഹോദരാ,[22] നീ കാഴ്ച പ്രാപിച്ചു പരിശുദ്ധാത്മാവ് പൂർണ്ണനാകേണതിനു, നീ വന്ന വഴിയിൽ നിനക്ക് പ്രത്യക്ഷനായ യേശു എന്ന കർത്താവു എന്നെ അയച്ചിരിക്കുന്നു., എന്നു പറഞ്ഞു" (9:17).

അനന്യാസ് ശൗലിന്മേൽ കൈവക്കുന്നതു അവനു പരിശുദ്ധാത്മാവ്

നല്കേണ്ടതിനാണെന്നല്ല പറഞ്ഞത്, മറിച്ച് രണ്ട് ഉദ്ദേശങ്ങൾക്കുവേണ്ടിയാണ് അവനെ *അയച്ചത്*: (1) അങ്ങനെ ശൗലിനു കാഴ്ച തിരിച്ചു കിട്ടേണ്ടതിനു (2) അങ്ങനെ ശൗൽ പരിശുദ്ധാത്മാവ് നിറവുള്ളവനുമാകണം. യേശു മുൻപ് പറഞ്ഞതുപോലെ, അനന്യാസിന്റെ കൈവപ്പിനാൽ ആദ്യത്തെ ഉദ്ദേശം നേടി. "സഹോദരാ ശൗലേ, കാഴ്ച പ്രാപിക്ക!" എന്ന് അനന്യാസ് പറഞ്ഞു (22:13). "ഉടനെ അവന്റെ കണ്ണിൽ നിത്യ ചൈതന്യത്തിൽ[23] പോലെ വീണ്ടു, കാഴ്ച ലഭിച്ചു. ധആ സമയത്തു തന്നെ (അവൻ) അവനെ നോക്കിപ" (9:18; 22:13).

യേശു അനന്യാസിനു വഴിയിൽ വച്ചു കൊടുത്ത അടിസ്ഥാന വെല്ലുവിളി ആവർത്തിച്ചു:[24]

> അപ്പോൾ അവൻ എന്നോട് നമ്മുടെ പിതാക്കൻമാരുടെ ദൈവം നിന്നെ തന്റെ ഇഷ്ടം അറിയുവാനും, നീതിമാനയവനെ കാണ്മാനും,[25] അവന്റെ വായിൽ നിന്നു വചനം കേൾപ്പാനും നിയമിച്ചിരിക്കുന്നു. നീ കാണുകയും കേൾക്കുകയും ചെയ്തതിനു സകല മനുഷ്യർക്കും[26] നീ അവന്റെ സാക്ഷിയായിതീരും[27] (22:14, 15).

ഈ വാക്കുകളുടെ ആവർത്തനം സ്ഥിരീകരിക്കുന്നതു അനന്യാസ് കർത്താവിന്റെ സന്ദേശവാഹകനാണത്രേ, അതേസമയം, കല്പനക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്.

ര*ക്ഷിക്കപ്പെടുവാൻ* അവൻ "എന്തു ചെയ്യണം" എന്നു ശൗലിനോട് ഇതുവരെ പറഞ്ഞില്ല. മുട്ടുകുത്തി മുഖത്തുകൂടെ കണ്ണുനീരൊഴുക്കുന്ന മനുഷ്യനെ അനന്യാസ് കാണുകയും, കർത്താവിന്റെ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു: "ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റു, അവന്റെ നാമം വിട്ടു, പ്രാർത്ഥിച്ചു സ്നാനം ഏറ്റു, നിന്റെ പാപങ്ങളെ കഴുകി കളയുക, എന്നു പറഞ്ഞു"[28] (22:16).

ഞാൻ കുട്ടിയായിരുന്നപ്പോൾ, നാമധേയ വിഭാഗങ്ങളുടെ നവോത്ഥാനകർ വിളിച്ചു പറഞ്ഞിരുന്നതു, "ദമാസ്കസിലേക്കുള്ള വഴിയിൽ ശൗൽ രക്ഷിക്കപ്പെടുന്നതുപോലെ രക്ഷപ്പെടുക! ദർശനം കാണുക, ശബ്ദം കേൾക്കുക, അനുഭവസ്ഥരാകുവിൻ!" ശൗൽ ദമാസ്കസിലേക്കുള്ള വഴിയിൽ രക്ഷിക്കപ്പെട്ടുവെങ്കിൽ, *അതു കർത്താവിനു* അറിഞ്ഞുകൂടായിരുന്നു, കാരണം ശൗൽ പറഞ്ഞു, "നീ എഴുന്നേറ്റു, പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടത് അവിടെ വച്ചു നിന്നോട് ഞാൻ പറയും എന്നു അവൻ പറഞ്ഞു" (9:6; എംഫസിസ്മൈൻ). *ശൗൽ* അതറിഞ്ഞിരുന്നില്ല, കാരണം അവൻ ചോദിച്ചു, "ഞാൻ എന്തു ചെയ്യണം?" (22:10) പിന്നെ അവൻ മൂന്നു ദിവസം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. (അവൻ അപ്പോൾ രക്ഷിക്കപ്പെട്ടിരുന്നെങ്കിൽ, തിരുവെഴുത്തിൽ രക്ഷിക്കപ്പെട്ടവരായി പറയുന്നവരിൽ ഏറ്റവും കുഴപ്പം പിടിച്ചവൻ ആയിട്ടേ കാണാൻ കഴിയൂ!) അതിലുപരി, *ദൈവവിശ്വാസിയായ ഉപദേഷ്ടാവിനു* അറിഞ്ഞുകൂടായിരുന്നു, കാരണം അവൻ ശൗലിനോട്, "ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു, അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു, സ്നാനം ഏറ്റു, *നിന്റെ പാപങ്ങളെ കഴുകി കളയുക* എന്നു പറഞ്ഞു" (22:16; എംഫസിസ്മൈൻ).

ശൗൽ യേശുവിൽ വിശ്വസിച്ചു, എന്നാൽ അവന്റെ പാപങ്ങൾ അപ്പോഴും കഴുകി കളയേണ്ടതായിട്ടുണ്ടായിരുന്നു. അവൻ തന്റെ പാപത്തിൽ നിന്നു മാനസാന്തരപ്പെട്ടിരുന്നു,[29] എങ്കിലും അവന്റെ പാപങ്ങൾ കഴുകി കളയേണ്ടിയിരുന്നു. അവൻ ക്രിസ്തുവിനെ "കർത്താവ്" എന്നു ഏറ്റുപറഞ്ഞിരുന്നു, എങ്കിലും അവന്റെ പാപങ്ങൾ കഴുകി കളയേണ്ടിയിരുന്നു. ദൈവത്തിന്റെ സന്ദേശവാഹകനെ സംബന്ധിച്ച്, അവൻ വെള്ളത്തിൽ സ്നാനമേല്കുന്നതു വരെ – അവന്റെ പാപങ്ങൾ കഴുകപ്പെട്ടിരുന്നില്ല.

ഇതിനർത്ഥം ദമാസ്കസിലെ വെള്ളത്തിനു പാപങ്ങൾ കഴുകി കളയാനുള്ള പ്രത്യേക ശക്തി ഉണ്ടെന്നല്ല. ശൗൽ സ്നാനപ്പെട്ട അതേ വെള്ളം തന്നെയാണ് ആ പ്രദേശത്തു താമസിക്കുന്നവർ അവരുടെ ആഹാരം പാചകം ചെയ്യുന്നതിനും, വസ്ത്രം കഴുകുന്നതിനും ഉപയോഗിച്ചിരുന്നത്. നമ്മുടെ പാപങ്ങൾ *യേശുവിന്റെ രക്തത്താലാണ്* കഴുകപ്പെടുന്നതെന്നു തിരുവെഴുത്ത് ഊന്നി പറയുന്നു (വെളിപാട് 7:14; വെളിപാട് 1:5; KJV ശ്രദ്ധിക്കുക). യേശുവിന്റെ രക്തമാണ് നമ്മുടെ പാപങ്ങൾ കഴുകുന്നത്; സ്നാനപ്പെടു*മ്പോഴാണ്* അവന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകി കളയുന്നത്.

അന്യാധീനപ്പെടുത്തിയ ഒരു പാപി രക്ഷിക്കപ്പെടുവാൻ *പ്രാർത്ഥിക്കുകയാണ്* വേണ്ടതെന്ന് ചിലർ പറയുന്നു. ശൗൽ രക്ഷിക്കപ്പെടുവാൻ "പാപികളുടെ പ്രാർത്ഥന"[30] പ്രാർത്ഥിക്കണമെങ്കിൽ, അവൻ അനന്യാസ് വന്നപ്പോൾ ശരിയായ ശാരീരികാവസ്ഥയിൽ ആകണമായിരുന്നു – എന്നാൽ ഉപദേഷ്ടാവ് പറഞ്ഞു, "താമസിക്കരുത്! മുട്ടിന്മേൽ നിന്നു എഴുന്നേൽക്കുക. പ്രാർത്ഥിച്ചതു മതി അനുസരിക്കാൻ തുടങ്ങുക!" പാപി തന്നെ സ്നേഹിക്കുവാനോ രക്ഷപ്പെടുവാനോ "താമസിക്കുക" (KJV), എന്നതു ദൈവം പാപിയെ സ്നേഹിക്കുന്നു എന്നു തെളിയിക്കുന്നതിനു വേണ്ടതെല്ലാം ചെയ്തു കഴിഞ്ഞു. പാപിയുടെ രക്ഷക്കു വേണ്ടതെല്ലാം ചെയ്തിട്ടുണ്ട് (യോഹന്നാൻ 3:16). ഇപ്പോൾ *പാപി* അനുസരണത്തിനായി പ്രതികരിക്കണം. "എഴുന്നേറ്റു അവന്റെ നാമം വിളിച്ചു, സ്നാനമേറ്റു, പാപങ്ങളെ കഴുകി കൊള്ളുക."[31]

### മടിക്കാത്ത പരിവർത്തകൻ
### (9:18, 19; 26:19)

ശൗലിന് തീരുമാനം പ്രയാസമുള്ളതായിരുന്നു. താൻ തെറ്റിലായിരുന്നു എന്നു ഒരാൾക്ക് സമ്മതിക്കാൻ പ്രയാസമുണ്ട്.[32] അനന്യാസ് കൽപിച്ചതു ചെയ്യുവാൻ അതിനേക്കാൾ പ്രയാസമായിരുന്നു ശൗലിന്. സ്നാനം മാത്രം വിഷമമുള്ള കാര്യമല്ല. ആഘോഷപരമായ കഴുകലുകളും സ്നാനവും അവനു പരിചയമുണ്ടായിരുന്നു. വിഷമമുള്ള ഭാഗം ''കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക'' എന്നതാണ്. "അവന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിൽ" ക്രിസ്തു എന്താണോ അതെല്ലാം സ്വീകരിക്കലാണ്. യേശുവി[നെ] കർത്താവായി ശൗൽ സ്വീകരിക്കുമ്പോൾ, *അവന്റെ* അധികാരത്താൽ സ്നാനം ഏല്കയും, ശേഷിച്ച ജീവിതകാലം *അവനു* സമർപ്പിക്കുകയും വേണം! അതിനർത്ഥം

ശൗലിനു പ്രിയപ്പെട്ടതെല്ലാം വിട്ടു നേരെ തിരിഞ്ഞു നടക്കണം എന്നർത്ഥം: അതിൽ കുടുംബം, സ്നേഹിതൻമാർ, പ്രസിദ്ധി, ഭാഗ്യം എന്നിവ ഉൾപ്പെടുന്നു.

തീരുമാനം വിഷമമുള്ളതായിരുന്നെങ്കിലും, താൻ "എന്തു ചെയ്യണം" എന്നു അനന്യാസ് ശൗലിനോട് പറഞ്ഞപ്പോൾ, അതു ചെയ്യുവാൻ അവൻ മടിച്ചില്ല. അവൻ പിന്നീട് അഗ്രിപ്പാ രാജാവിനോട് പറഞ്ഞു, "ഞാൻ സ്വർഗ്ഗീയ ദർശനത്തിനു അനുസരണക്കേട് കാണിച്ചില്ല" എന്നാണ് (26:19). ഉടനെ, "അവൻ എഴുന്നേറ്റ് സ്നാനമേറ്റു" (9:18). ശൗൽ സ്നാനമേറ്റ സ്ഥലത്തെക്കുറിച്ച് പറയുന്നില്ല, എന്നാൽ അബനാ നദി ആ പട്ടണത്തിൽ കൂടെ കടന്നു പോകുന്നുണ്ട്, കൂടാതെ ഹാർപ്പർ നദിയും സമീപത്തുകൂടെ കടന്നു പോകുന്നുണ്ട്.[33]

പ്രവൃത്തികഴിഞ്ഞു; ശൗൽ പിന്നെ പിന്തിരിഞ്ഞില്ല. പിന്നീട് അവൻ എഴുതി,

> എങ്കിലും എനിക്ക് ലാഭമായിരുന്നു, ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു. അത്രയുമല്ല, എന്റെ കർത്താവായ ക്രിസ്തുയേശുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം, ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു (ഫിലിപ്പിയർ 3:7, 8).

ശൗൽ സ്നാനമേറ്റപ്പോൾ, അവന്റെ പാപങ്ങൾ യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ടു. അവനു പരിശുദ്ധാത്മാവ് എന്ന ദാനം ലഭിച്ചു (2:38), "പരിശുദ്ധാത്മ പൂർണ്ണനാകുവിൻ"[34] എന്ന അനന്യാസിന്റെ വാക്കുകൾ നിറവേറി. താൻ നശിപ്പിക്കാൻ ആഗ്രഹിച്ച സഭയോട് അവൻ കർത്താവിനാൽ ചേർക്കപ്പെട്ടു (2:41, 47). ശൗലിനു ക്രിസ്തുവിൽ പുതിയ ജീവൻ കിട്ടി! തന്റെ കഴിഞ്ഞ കാലത്തെ വെള്ളമാക്കുന്ന കല്ലറയിൽ അവൻ *അടക്കം ചെയ്യപ്പെട്ടു* എന്നു അവൻ പിന്നീട് പറഞ്ഞു:

> അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ *കുഴിച്ചിടപ്പെട്ടു,* ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ, നാമും ജീവന്റെ പുതുക്കയിൽ നടക്കേണ്ടതിനു തന്നെ ... അവന്റെ മരണത്തിന്റെ സാദൃശത്തോട് നാം ഏകാഭവിച്ചവരാകയാൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോട് ഏകീഭവിക്കും ... നാം ഇനി പാപശരീരത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു, ... *നമ്മുടെ പഴയ മനുഷ്യൻ അവനോട് കൂടെ ക്രൂശിക്കപ്പെട്ടു* എന്നു നാം അറിയുന്നു (റോമർ 6:3–6; എംഫസിസ് മൈൻ).

ഹൃദയസന്തോഷത്തോടെ, ദിവസങ്ങൾക്കുശേഷം ശൗൽ ആദ്യമായി

“ആഹാരം കഴിച്ചു ബലം പ്രാപിച്ചു” (9:19).

“എന്താണ് ശൗലിനെ തിരഞ്ഞെടുത്തത്?” ലോകത്തിലുള്ള ആളുകളിൽ വെച്ചു, ഒരു കൂട്ടകൊലയാളിയെ തിരഞ്ഞെടുത്തു, ജാതികളുടെ അപ്പോസ്തലനേക്കാൾ കാരണമെന്തെന്നു ചോദിച്ചേക്കാം? ബർന്നബാസിനെപ്പോലുള്ളവരെ, ക്രിസ്ത്യാനികളിൽ അവനു തിരഞ്ഞെടുക്കാമായിരുന്നു. അവനു അക്രൈസ്തവരെയായിരുന്നു ആവശ്യമെങ്കിൽ, ശൗലിന്റെ അതിക്രമങ്ങൾ ഒന്നുമില്ലായിരുന്ന ധാരാളം ദൈവഭക്തരായ യെഹൂദൻമാരുണ്ടായിരുന്നു. പിന്നെന്താ ശൗലിനെ തിരഞ്ഞെടുത്തത്?

നമുക്കു കർത്താവിന്റെ മനസില്ലാത്തതുകൊണ്ട് (യെശയ്യാവ് 55:8, 9), ആ ചോദ്യത്തിനു കൃത്യമായി ഉത്തരം പറവാൻ സാദ്ധ്യമല്ല – എന്നാൽ നമുക്കു വിദ്യാഭ്യാസപരമായ ചില ഊഹങ്ങൾ നടത്താം. ഒരു വസ്തുത എന്തെന്നാൽ ശൗലിന്റെ കഴിവാണ് – അവന്റെ ബുദ്ധി, അവന്റെ എരിവ്, അവന്റെ ഊർജ്ജം എന്നിവയാണ്. ഈ മാദ്ധ്യമങ്ങൾ എല്ലാം *നേർവഴിയിൽ* തിരിച്ചു വിട്ടാൽ, നന്മ കൈവരിക്കാം! മറ്റൊരു കാരണം, ശൗൽ തർസൊസിൽ വളർന്നതുകൊണ്ട്, പാലസ്തീനിലുള്ള വരേക്കാൾ ശൗലിന്നു ജാതികളുടെ മനസു നന്നായറിയാം. ആ ജോലിക്കു പറ്റിയവൻ ശൗൽ തന്നെയായിരുന്നു.

കർത്താവിന്റെ തിരഞ്ഞെടുപ്പിൽ മറ്റുകാരണങ്ങളും അടങ്ങിയിരിക്കാൻ സാദ്ധ്യതയുണ്ട്. ശൗലിന്റെ വിട്ടുവീഴ്ചയില്ലാത്ത മനോഭാവം, യെഹൂദമതത്തിനും ക്രിസ്ത്യാനിത്വത്തിനും മദ്ധ്യേ അവൻ വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിച്ചു, അതുകൊണ്ട് ക്രിസ്ത്യാനിത്വത്തെ നശിപ്പിക്കുവാൻ അവൻ പരിശ്രമിച്ചു.[35] അവൻ ക്രിസ്ത്യാനിയായി തീർന്നപ്പോൾ, അവൻ തന്റെ നിശ്ചയദാർഢ്യം നിലനിർത്തി. ക്രിസ്ത്യാനിത്വം വിട്ടുവീഴ്ച ചെയ്യാൻ പറ്റാത്ത സത്യം നിറഞ്ഞതാണ് അവന്റെ ലേഖനങ്ങൾ തുറന്നു കാട്ടുന്നു!

മറ്റൊരു വസ്തുത ഇതിൽ അടങ്ങിയിരിക്കാൻ സാദ്ധ്യത യേശുക്രിസ്തുവിന്റെ ഒരു പ്രസ്താവനയാണ്: “അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു” (ലൂക്കൊസ് 7:47) (“ഇതിൽ അധികം ക്ഷമിച്ചു കിട്ടിയവൻ അധികം സ്നേഹിക്കുന്നു,” എന്നതും അടങ്ങിയിരിക്കുന്നു) യേശു വഴിയിൽ വെച്ചു ശൗലിനു പ്രത്യക്ഷനായപ്പോൾ, അവന്റെ പാപത്തിന്റെ ആധിക്യം അവൻ പെട്ടെന്നു തിരിച്ചറിഞ്ഞു. ദൂഷണ കുറ്റം ഉള്ളതിനാൽ മരണത്തിനല്ലാതെ മറ്റൊരു യോഗ്യത അവനിലില്ലായിരിക്കുന്നു! കർത്താവു അവനോട് ക്ഷമിക്കുവാനും അവന്റെ ജീവിതത്തെ അത്ഭുതം കൊണ്ട് നിറയ്ക്കുവാനും തയ്യാറായി. അവൻ എഴുതി, “*എന്നെ* സ്നേഹിച്ചു, *എനിക്കു* വേണ്ടി തന്നത്താൻ ഏല്പിച്ചു കൊടുത്ത, ദൈവപുത്രൻ” എന്ന് (ഗലാത്യർ 2:20; എംഫസിസ്മൈൻ). അവൻ പറഞ്ഞു,

> എനിക്കു ശക്തി നല്കിയ, ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവു, എന്നെ വിശ്വസ്തൻ എന്നു, എണ്ണി ശുശ്രൂഷക്കു നല്കിയതുകൊണ്ടു ഞാൻ അവനെ സ്തുതിക്കുന്നു; മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനുമായിരുന്നു ... . എങ്കിലും

> അവിശ്വാസത്താൽ അറിയാതെ ചെയ്തതാക കൊണ്ടു എനിക്കു കരുണ ലഭിച്ചു. നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം വർദ്ധിച്ചിരുന്നു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാപരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ (1 തിമൊഥെയൊസ് 1:12, 13, 15)!

അധികം ക്ഷമിച്ചു കിട്ടിയവൻ – അവന്റെ ശേഷിച്ച സമയമൊക്കെയും ഒരിക്കൽ നശിപ്പിക്കുവാൻ ശ്രമിച്ച വിശ്വാസത്തെ പ്രചരിപ്പിക്കുവാൻ ചെലവിട്ടു!

**ഉപസംഹാരം**

സമയം അനുവദിച്ചാൽ, ശൗൽ ഉടനെ തന്റെ താലന്തുകൾ കർത്താവിനായി ഉപയോഗിക്കാൻ തുടങ്ങിയതുകൊണ്ടു "മരിക്കാത്ത സമർപ്പണം" എന്നതിനെക്കുറിച്ചും നമുക്കു സംസാരിക്കാം (ലൂക്കൊസ് 9:19–31), പക്ഷെ നാം അതു ഭാവിപഠനത്തിനായി വിടുകയാണ്. ഇപ്പോൾ, നമുക്കു നിർത്താം.

നാം അങ്ങനെ ചെയ്യുന്നതു കൊണ്ട്, പാഠത്തിന്റെ ആരംഭചർച്ച യിലേക്ക് നമുക്ക് മടങ്ങി വരാം: തർസൊസുകാരനായ ശൗലിനും ജെഫ്റെ ഡാമറിനും രക്ഷിക്കപ്പെടാമെങ്കിൽ, *ആർക്കും* രക്ഷിക്കപ്പെടാം. പൗലൊസ് ഈ സത്യം 1 തിമൊഥെയോസ് 1–ൽ ഊന്നിപറയുന്നു. "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നു ള്ളതു, വിശ്വാസവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ," "ആ പാപികളിൽ ഒന്നാമൻ ഞാൻ എന്നിട്ടും യേശു ക്രിസ്തു നിത്യജീവനായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാനുള്ളവർക്കു ദൃഷ്ടാന്തത്തിനായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിനു എനിക്കുകരുണ ലഭിച്ചു" (1 തിമൊഥെയോസ് 1:15, 16).

നിങ്ങളുടെ ആത്മീയാവസ്ഥ എനിക്കറിഞ്ഞുകൂടാ. നിങ്ങൾ പാപത്തിന്റെ എത്ര അഗാധമെങ്കിൽ പോയിട്ടുണ്ട് എന്നെനിക്കു അറിഞ്ഞുകൂടാ. നിങ്ങൾ ചെയ്ത ഭയങ്കര പാപത്തെ എനിക്കു അറിഞ്ഞുകൂടാ. എങ്കിലും, ഇതു, എനിക്കറിയാം: നിങ്ങളുടെ പാപം പൗലോസിനെക്കാൾ മോശമാകില്ല. നിങ്ങളുടെ കുറ്റം അതിനേക്കാൾ വലുതല്ല. നിങ്ങളുടെ ആത്മാവിനെ രക്ഷിക്കുവാൻ കർത്താവിന്റെ കരുണയും കൃപയും മതി. അതുകൊണ്ടു, കർത്താവിനെ അനുസരി ക്കുന്നതു, നീട്ടി വെക്കരുത്. ഒട്ടും താമസിക്കരുത്. "ഇനി താമസിക്കു ന്നതു എന്ത്? എഴുന്നേറ്റ്, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥിച്ചു, സ്നാനമേറ്റു, നിങ്ങളുടെ പാപങ്ങളെ കഴുകികളയൂ" (22:16)!

**പ്രസംഗകുറിപ്പുകൾ**

അനന്യാസിനെക്കുറിച്ചു രസകരമായ ഒരു പ്രസംഗം നടത്താം.

നല്ലതും ചെറുതുമായ "ഒരു ശിഷ്യൻ" (9:10). ശ്രദ്ധിക്കേണ്ട കാര്യം, രേഖയനുസരിച്ചു, അവൻ സഭയിലെ "സാധാരണ അംഗമായിരുന്നു," എനിക്കു അത്ഭുകതരമായി ദൈവം അവനെ ഉപയോഗിച്ചു. 22:12-ൽ അവന്റെ വിവരണവും ഉൾപ്പെടുത്താം.

---

കുറിപ്പുകൾ

[1]ഡാമറിന്റെ സംഭവത്തിനു പകരം കേൾവിക്കാർക്കു പരിചയമുള്ള ഇതേ രീതിയിലുള്ള സംഭവങ്ങൾ ഉപയോഗിക്കാം. [2]മെലിസ്സാ പ്രിച്ചാർഡ് ലെസ്റ്റർ, "ദി കറേജ് ടു കൺവേർട്ട്," *ക്രിസ്റ്റ്യൻ വുമൺ* 11 (മാർച്ച്/എപ്രിൽ 1995): 64. [3]റോയ് റാറ്റ്ക്ലിഫ്, "ദി ബാപ്റ്റിസം ഓഫ് ജെഫ്റി ഡാമർ," *ക്രിസ്റ്റ്യൻ വുമൺ* 11 (മാർച്ച്/എപ്രിൽ 1995): 16. [4]ലെസ്റ്റർ, 64. [5]അവൻ അന്ധനായി, നഷ്ടപ്പെട്ടവനായി, എന്തു ചെയ്യണമെന്നറിയില്ല. "ഇരുട്ടിൽ വിട്ടു" എന്നത് "അജ്ഞതയിൽ ഉപേക്ഷിച്ചു" എന്ന വാക്യാലങ്കാരമാണ്.ആ മൂന്ന് ദിവസത്തിൽ അവന് ലഭിച്ച "ഏക പ്രകാശം" ദർശനത്തിൽ അനന്യാസ് ശൗലിന്റെ അടുക്കൽ വരുന്നു എന്നതാണ് (9:12). [6]മൂന്നു ദിവസം ഇരുട്ടിൽ കഴിയുന്നതു ഒരു ശിക്ഷയായിട്ടാണ് ചിലർ പറയു ന്നത്, അവനു "തന്റെ പാപത്തെക്കുറിച്ച് അനുതപിക്കുവാൻ." ഈ മൂന്നു ദിവസവും ശൗൽ കഷ്ടപ്പെട്ടു എന്നു സംശയരഹിതമായി പറയാം, എന്നാൽ വൈകലിന്റെ പ്രാഥമിക ഉദ്ദേശം ഇതായിരുന്നു. എന്നു അതു കർത്താവിന്റെ കരുണയെ മനൗചിത്യമായി കരുതുകയാവും. [7]9:21 ലെ കുറിപ്പുകൾ നോക്കുക. [8]അനന്യാസ് കർത്താവിന്റെ സന്ദേശം ശൗലിന്റെ അടുക്കൽ എത്തിച്ചതുകൊണ്ട് അനന്യാസിനെ ഞാൻ "പ്രീച്ചർ" എന്നാണ് വിളിച്ചത്. അനന്യാസ് ഒരു മുഴുവൻ സമയ സുവിശേഷകൻ എന്നതിനു ഒരു സൂചനയുമില്ല. [9]"അനന്യാസ്" എന്ന പേരിന്റെ അർത്ഥം "യാഹ്വേ ക്രൃപയുള്ളവൻ," എന്നാണ് ശൗലിന്റെ അടുക്കൽ ദൈവകൃപ എത്തിച്ചവൻ എന്ന നിലക്ക് ആ പേരിനു യോജിച്ചവൻ തന്നെ. [10]15-ാം വാക്യം നോക്കുക.

[11]ക്രിസ്ത്യാനിയായിത്തീരുന്നതിനു മുൻപു അവൻ നല്ല ഒരു യെഹൂദ നായിരുന്നു. *ഈ സമയത്തും* യെഹൂദൻമാരായി ആദരിക്കപ്പെട്ടവനായിരുന്നു. അവനെ തിരഞ്ഞടുത്തതിന്റെ കാരണം ഒരു പക്ഷെ അവന്റെ പരിവർത്തനം സാക്ഷ്യം യെഹൂദൻമാരെ ബോധ്യപ്പെടുത്താൻ കഴുയും എന്നതുകൊണ്ടാകാം. [12]ഈ വ്യാഖ്യാനം എടുത്തത് റിക് ആറ്റ്ച്ച്‌ലെയുടെ, "ഫ്രം ബോദർ ടു ബ്രദർ," എന്ന 1985 സെപ്റ്റംബർ 15 ാം തിയതി, ടെക്സാസിലെ, അബിലീനിലെ, പ്രസംഗത്തിൽ നിന്നാണ്. [13]ഇത് ആദ്യമാണ് ക്രിസ്ത്യാനികളെ "വിശുദ്ധൻമാർ" എന്ന് പ്രവൃത്തികളുടെ പ്രസ് തടങ്കലിൽ പറഞ്ഞത് (പ്രവൃത്തി 9:32, 41; 26:10) നിഘണ്ടുവിൽ "വിശുദ്ധൻമാർ" എന്ന വാക്കു നോക്കുക. [14]ശൗൽ യെരുശെലേമിൽ ചെയ്തതു അനന്യാസ് "കേൾക്കുക" മാത്രം ചെയ്തതിനാൽ, അവൻ പ്രവൃത്തി 8-ൽ ചിതറിപോയവരുടെ കൂടുതൽ ഉൾപ്പെട്ടവ നായിരുന്നില്ല അവൻ. ചിതറിപ്പോയവരാൽ പരിവർത്തനം ചെയ്യപ്പെട്ടവനാകാം. [15]അനന്യാസ് ഇതെങ്ങനെ അറിഞ്ഞു എന്ന കാര്യത്തിൽ പണ്ഡിതൻമാർ വിചാരിച്ചിട്ടുണ്ട്. ശൗലിനും കൂട്ടർക്കും മുമ്പേ ക്രിസ്തീയ ഓട്ടക്കാർ അവർക്കു മുൻപായി എത്തി എന്ന് ചിലർ കണ്ടുപിടിച്ചു. പല ദിവസങ്ങൾക്കു ശേഷം ശൗൽ ദമാസ്കസിൽ എത്തുന്നതു എന്ന കാര്യം ഓർമിക്കുക. ശൗലിനെക്കുറിച്ചും അവന്റെ ദൗത്യത്തെ ക്കുറിച്ചും ആണ് ടൗണിലുള്ളവരെല്ലാം സംസാരിക്കുന്നത് (21-ാം വാക്യം ശ്രദ്ധിക്കുക). [16]"ഉപകാരം" എന്നതിനു ഉപയോഗിച്ച തർജ്ജിമയുടെ അർത്ഥം "പാത്രം" എന്നാണ്. (KJV നോക്കുക) വിലയുള്ള പാത്രമായിട്ടാണ് (ശൗൽ) സൂചിപ്പിച്ചത് വിലയുള്ള ഉള്ളടക്കത്തിനായി (സുവിശേഷം) ട്ടാണ് പൗലൊസ് പിന്നീട് ഇതെടുത്തു, തന്നെതന്നെ കുടുതൽ എളിമ

ചിത്രീകരിക്കാൻ പറയുന്നുണ്ട് (2 കൊരിന്ത്യർ 4:7). [17]*വേദഭാഗത്ത്* ദൈവപദ്ധതിയുടെ ഭാഗമായി ജാതികളെയും ഉൾപ്പെടുത്തു ന്നതു ആദ്യമായാണ്. എങ്കിലും, 26:17 ആണ് *കാലനിർണ്ണയപ്രകാരം* ആദ്യമായാണ് ഇതു സംഭവിക്കുന്നത്, അതുകൊണ്ട് ജാതികളെക്കുറിച്ചുള്ള എന്റെ അഭിപ്രായം, ഞാൻ 26:17 വിശദമാക്കിയപ്പോൾ പറഞ്ഞു. [18]*ദി അഗണി ആന്റ് ദി എക്സ്റ്റസി* എന്നതു മൈക്കലാഞ്ചലോയുടെ ജീവിതത്തെക്കുറിച്ചു ഇർവിങ് സ്റ്റോണിന്റെ നോവലിന്റെ പേരാണ്. [19]പ്രവൃത്തി 25:11, 12 അക്കാലത്തു സിംഹാസനത്തിൽ കൈസർ ആടു ഇരു ന്നതു നീറോ ആയിരുന്നു. നീറോ ശൗലിനെ വിചാരണക്കു പിടിക്കുന്നതിനു മുൻപ്, പൗലൊസിനോടുള്ള കർത്താവിന്റെ വാഗ്ദാനം പോളിനു ലഭിച്ചതനുസരിച്ചു സംഭവിച്ചതാണിത് (27:23, 24). [20]കർത്താവിന്റെ വെല്ലുവിളിച്ചാൽ പ്രതീക്ഷക്കുള്ള തെറ്റായ ചിത്രമായിരുന്നില്ല യേശു ശൗലിനു കൊടുത്തത്. ക്രിസ്തുവിനെ സ്വീകരിക്കുന്നവർക്കു യാതൊരു പ്രശ്നവുമുണ്ടായിരുന്നില്ല എന്നും നമ്മെ ധരിപ്പിച്ചിട്ടില്ല (14:22). ശ്രദ്ധിക്കുക. ശൗലിന്റെ കഷ്ടതയെക്കുറിച്ചുള്ള യേശുവിന്റെ വാക്കുകളുടെ ഭാഗീകമായ നിറവേറൽ 2 കൊരിന്ത്യർ 11:23-28 ൽ കാണാം.

[21]"അനന്യാസിനു സൗഖ്യമാക്കാനുള്ള കഴിവ് എങ്ങനെ കിട്ടി" എന്ന ചിന്ത അനാവശ്യമാണ്. അവനു നേരിട്ട അന്ധത മാനുഷമായിരുന്നു, അതുപോലെ തന്നെയാണ് അവനു കാഴ്ച തിരിച്ചു കിട്ടിയതും. അനന്യാസ് പറഞ്ഞതും ചെയ്തതും എല്ലാം കർത്താവിന്റെ പ്രതിനിധിയായിട്ടാണ്. അതു യേശു തന്നെ പറയുന്നതു പോലെയും ചെയ്യുന്നതുപോലെയും ആയിരുന്നു. [22]"സഹോദരാ" എന്ന നാമം കൊണ്ട് അവൻ അപ്പോൾ രക്ഷപ്പെട്ടു എന്നു ധരിക്കരുത്. യെഹൂദൻമാർക്കു (ക്രിസ്തീയ യെഹൂദൻമാർക്കു) സഹയെഹൂദനെ (അക്രൈസ്തവയെഹൂദന്റെ) "സഹോദരന്മാർ" എന്നു പൊതുവിൽ വിളിച്ചിരുന്നു (22:1). എങ്കിലും, സ്നേഹവായ്പുള്ള "സഹോദരാ" എന്ന വിളി അനന്യാസിന്റെ ഭാഗത്തു നിന്നു അല്പം *മാറ്റമുണ്ടായിരിക്കുന്നതായി* കാണാം. [23]ചിതമ്പൽ പോലെ "വീണു" എന്ന പ്രയോഗം ശൗലിനു കാഴ്ച തിരിച്ചുകിട്ടിയപ്പോൾ കൂടെയുള്ളവർക്കു എന്തോ സംഭവിച്ചതു *കാണാമായിരുന്നു.* [24]ഇതു യേശു വഴിയിൽ വെച്ചു പറഞ്ഞ വാക്കുകളെ ഉറപ്പിക്കുന്നു. 26:16-18 വരെയുള്ള കുറിപ്പുകൾ നോക്കുക. [25]"നീതിമാനായവൻ" എന്ന് യേശുവിനെയാണ് സൂചിപ്പിച്ചത് (3:14; 7:52). [26]ജാതികളെ പ്രത്യേകമായി അനന്യാസ് പറഞ്ഞില്ലെങ്കിലും, "സകല മനുഷ്യരും" എന്നു പറഞ്ഞതിൽ അവരും ഉൾപ്പെടുന്നു. [27]"സാക്ഷി" എന്ന വാക്കിന്റെ ഏറ്റവും നല്ല വിവരണാർത്ഥമാണ് "കാണുകയും കേൾക്കുകയും ചെയ്തതിനു ... നീ സാക്ഷിയായി തീരും" എന്നതു. [28]"കർത്താവിനെ വിളിച്ചപേക്ഷിക്കൽ" എന്നതു ക്രിസ്തു എന്തെല്ലാമാണോ അതെല്ലാം സ്വീകരിക്കലാണ്. സ്നാനസമയത്ത് ഇതു പ്രകടമാക്കുന്ന ചില നീതികൾ (1) സ്നാനപ്പെടുത്തുന്നതിനു മുൻപ് അവന്റെ നാമം ഏറ്റു പറയൽ (2) സ്നാനപ്പെടുത്തുന്ന സമയത്ത് അവന്റെ നാമത്തിൽ പ്രാർത്ഥിക്കൽ എന്നിവയാണ്. നാം സ്നാന*ശേഷവും* തുടർച്ചയായി "അവന്റെ നാമം വിളിച്ചപേക്ഷിക്കണം" (9:14-ൽ ക്രിസ്ത്യാനികളെ വിവരിച്ചിരിക്കുന്നതു നോക്കുക; മത്തായി 10:32, 33 ഉം നോക്കുക). [29]ആ മൂന്നു ദിവസത്തെ ശൗലിന്റെ ദൈവഹിതപ്രകാരമുള്ള ദു:ഖം അവൻ മാനസാന്തരപ്പെട്ടു എന്നു തെളിയുന്നു. [30]"പാപികളുടെ പ്രാർത്ഥന," എന്നതു മനുഷ്യൻ രൂപപ്പെടുത്തിയതാണ്. ദൈവമല്ല; വചനത്തിനു അന്യമാണ്; പാപം ചെയ്തുകൊണ്ട് പാപമോചനത്തിനു യേശുക്രിസ്തുവിനോട് അപേക്ഷിക്കുന്നതിൽ അർത്ഥമില്ല.

[31]ചിലർ പറയുന്നതു പോലെ സ്നാനത്തിനു കുറച്ചു വെള്ളം തളിക്കുകയോ തലയിൽ ഒഴിക്കുകയോ ചെയ്താൽ മതി എന്നാണ്. അങ്ങനെ ആയിരുന്നെങ്കിൽ, ശൗലിന്റെ ശാരീരികമായ സ്നാനം അതിനു പറ്റിയതായിരുന്നു, പക്ഷെ അനന്യാസ് പറഞ്ഞു, "*എഴുന്നേറ്റ്*, സ്നാനമേൽക്കുക" എന്നാണ്. ശൗൽ എഴുന്നേറ്റു സ്നാനത്തിനു എവിടെയോ പോകണമായിരുന്നു - "സ്നാനമേറ്റു" എന്ന വാക്കിനർത്ഥം "മുങ്ങി" എന്നത്. [32]അനേകംപേരെ സേവിച്ചിരുന്ന എന്റെ സ്നേഹിതൻ പറയുകയായി, അനവധി

പേർ തങ്ങളുടെ തെറ്റു സമ്മതിക്കുന്നതിനു മുമ്പു തന്നെ മരിച്ചുപോയി എന്ന്. [33]2 രാജാക്കൻമാർ 5:12. അനേകം യോജിച്ച കുളങ്ങൾ ലഭ്യമായിരുന്നു. [34]"പൂർണ്ണനാകുവിൻ" എന്നതിന്റെ അർത്ഥം "സ്വാധിനതിയിലാക്കുക" എന്നാണ്. അത് അത്ഭുതകരമായ അർത്ഥത്തിലും അർത്ഥരഹിതമായ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട് (എഫേസ്യർ 5:18). ഒരു സമയത്തു, ശൗൽ/പൗലൊസ്, അത്ഭുതകരമായി "പരിശുദ്ധാത്മ പൂർണ്ണനായി" അനന്യാസ് ശൗലിന്റെ അടുക്കൽ വന്നപ്പോൾ ശൗലിന്നു അത്ഭുതശക്തി കിട്ടിയോ എന്നു നമുക്കറിഞ്ഞുകൂടാ, എന്നാൽ അവൻ സ്നാനമേറ്റപ്പോൾ *തീർച്ചയായും* പരിശുദ്ധാത്മദാനം ലഭിച്ചു. "പരിശുദ്ധാത്മ പൂർണ്ണനാകുവിൻ" എന്നു അനന്യാസ് പറഞ്ഞു പരിശുദ്ധാത്മാവ് എന്ന ദാനമെന്നു പറയുന്നതാണ് സുരക്ഷിതം. [35]തോട്ടക്കാരൻ കളകളെ നശിപ്പിക്കുന്നതുകൊണ്ട് പുഷ്പങ്ങൾ വളരുന്നു, നാം ഇരുട്ടിൽ അകറ്റിയാൽ വെളിച്ചം നമ്മിൽ വരും.

**ഒരു പ്രാദേശിക സഭയിൽ "ചേരൽ"**

ശൗൽ *എങ്ങനെ* യെരുശലേമിലെ സഭയിൽ അംഗമായി തീർന്നു എന്നു ബൈബിൾ പറയുന്നില്ല. അമേരിക്കയിൽ., മിക്കവാറും പ്രസംഗങ്ങളുടെ അവസാനം, ഞങ്ങൾ ഒരു "ക്ഷണം" നൽകും. ആ ക്ഷണത്തിൽ സ്നാനമേൽക്കുവാനും തെറ്റിപ്പോയ ക്രിസ്ത്യാനികൾ യഥാസ്ഥാനപ്പെടുവാനും, അതുപോലെ സമൂഹത്തിൽ പുതുതായി വന്നിരിക്കുന്നവർ പ്രാദേശികസഭയിൽ ഭാഗമാകുവാൻ ആഗ്രഹിക്കുന്നവർ എന്നിവയെല്ലാം ക്ഷണിക്കും ഈ സമീപനം, എങ്ങനെയായാലും, ഇതു സൗകര്യത്തിനുവേണ്ടിയാണ്, കാരണം ഇവയിൽ ഏതിലെങ്കിലും ഈ വിധത്തിൽ *ഏതു സമയത്തും* ആളുകൾക്കു പ്രതീക്ഷിക്കാം.

നിങ്ങൾ ഒരു സമൂഹത്തിൽ പുതിയ ആളാണെങ്കിൽ, നിങ്ങൾക്കു ഈ പ്രാദേശിക ഇടവകയിലെ അദ്ധ്യക്ഷന്മാരെ ആരെയെങ്കിലും കണ്ട് ഇടവകയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നു എന്നു *പറയാം.* ചിലർ നിങ്ങളോട് ആ പ്രാദേശിക ഇടവകയിൽ ഭാഗമാകാൻ താൽപര്യപ്പെടുന്നുണ്ടോ എന്നു *ചോദിച്ചേക്കാം.*

പുതിയ നിയമ കാലത്തു, ക്രിസ്ത്യാനികൾ ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു പോകുമ്പോൾ പരിചയപ്പെടുത്താനോ /പുതിയ ഇടവകയിലേക്കു ശുപാർശക്കോ കൊണ്ടു പോകുക പതിവായിരുന്നില്ല. പൗലോസിന്റെ മിക്ക ലേഖനങ്ങളിലും അത്തരം പരിചയപ്പെടുത്തലും/ശുപാർശയുമെല്ലാം അവസാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഉദാഹരണമായി, റോമർ 16:1, 2). ഈ പരിശീലനത്തിനു പറ്റിയ ഉപയോഗത്തിനു, 1 കൊരിന്ത്യർ 16:3 നോക്കുക; തെറ്റായ ഉപയോഗത്തിനു, 2 കൊരിന്ത്യർ 3:1 നോക്കുക. ഇതു ബൈബിൾപരമായി *ആവശ്യ*മല്ലെന്നിരിക്കെ, പ്രോത്സാഹിപ്പിക്കുവാൻ നല്ല ഒരു പരിശീലനമാണ്.